**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **13** **07.08.2017-** ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരന്ത ബാധിതർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ**

**ചോദ്യം** **മറുപടി**

**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.കെ.കുഞ്ഞിരാമൻ**
**ശ്രീ.എം.രാജഗോപാലൻ**
**ശ്രീ.കെ.ബാബു**

**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരന്തബാധിതരുടെ പ്രശ്നപരിഹാരത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | എൻഡോസൾഫാൻ ദുരന്തബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ധനസഹായത്തിന്റെ ഒന്ന്, രണ്ട് ഗഡുക്കൾ വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഗഡു (അവസാന ഗഡു) അനുവദിക്കുന്നതിനായി 56.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 2626 പേർക്ക് മൂന്നാം ഗഡുവായി 39.58 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br>നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതരരോഗമുള്ളവരുമായ 127 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിത |

| | | | |
|---|---|---|---|
| | | | മേഖലകളിലെ അടിസ്ഥാന വികസനം ലക്ഷ്യമാക്കിക്കൊണ്ട് നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടത്തിവരുന്ന പദ്ധതികൾക്കായി ഈ സർക്കാർ അധികാരമേറ്റ ശേഷം 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ സാമൂഹികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മൂളിയാർ വില്ലേജിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് എൻഡോസൾഫാൻ ദുരിതബാധി-തർക്കായുള്ള റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>എൻഡോസൾഫാൻ ദുരിത ബാധിതർക്ക് കോടതിവിധിപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനായി 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളത് അനുവദിക്ക-ന്നതിന് നടപടി എടുത്തുവരുന്നു. |
| (ബി) | ദുരിതബാധിതർക്ക് ധനസഹായം ലഭ്യമാക്കാനായി സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എൻഡോസൾഫാൻ | (ബി) | 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ധനസഹായം അനുവദിക്കുന്ന-തിലേക്കായി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും 53.105 കോടി രൂപ |

| | | | |
|---|---|---|---|
| | നിർമ്മാതാക്കളിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക ലഭ്യമാക്കാത്തതിന് എന്ത് കാരണമാണ് അറിയിച്ചിട്ടുള്ളത്; | | ഊടാക്കിയിട്ടുണ്ട്. 10.1.2017 ലെ ബഹു.സുപ്രീം കോടതി വിധി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. |
| (സി) | ദുരിത ബാധിതരുടെ ചികിത്സക്കായും പെൻഷൻ, സൗജന്യ റേഷൻ തുടങ്ങിയവ കൃത്യമായി നൽകുന്നതിനായും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അറിയിക്കാമോ; | (സി) | എൻഡോസൾഫാൻ ദുരിതബാധിതരായിട്ടുള്ളവർക്ക് വിവിധതരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിലേയ്ക്കായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.<br>2010 മുതൽ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ആരോഗ്യ പരിരക്ഷ, സൗജന്യ റേഷൻ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.<br>2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിത-ബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്കും ഗഡുക്കളായി ധനസഹായം നൽകുന്നതിന് തീരുമാനിക്കുകയും |

| | | | |
|---|---|---|---|
| | | | ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br>എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എം.പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടെ സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നല്കിവരുന്നു<br>ദുരിതബാധിതരുടെ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗ ബാധിതരിൽ ഡയാലിസിസ് ആവശ്യമായി വരുന്നവർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം ദുരിതബാധിതരായി കിടപ്പിലായ രോഗികളുടെ വീട്ടിൽ ചെന്ന് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. സൗജന്യ ചികിത്സായിനത്തിൽ ഏകദേശം നാല് കോടി രൂപയോളം പ്രതിവർഷം |

| | | | |
|---|---|---|---|
| | | | ചെലവാകുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200/- രൂപ, 1700/-രൂപ 2200/- രൂപ , നിരക്കിൽ നിലവിൽ പ്രതിമാസ ധനസ്ഹായം അനുവദിച്ചു വരുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതം മൂലം പൂർണ്ണമായും കിടപ്പിലായവരേയും ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരേയും (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരെ) പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.<br>ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/-രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/-രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.<br>മാനസികവൈകല്യമുള്ള കുട്ടികൾക്കായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | നിലവിൽ, ലിസ്റ്റിൽ ഉൾപ്പെട്ടി-ട്ടില്ലാത്ത അർഹരായിട്ടുള്ള ദുരിതബാധിതരെ കണ്ടെത്തി സഹായം എത്തിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകുമോ; വിശദമാക്കാമോ? | (ഡി) | ഇതുവരെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 05.04.2017 മുതൽ 09.04.2017 വരെ 5 വിവിധ സ്ഥലങ്ങളിലായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്ക-ുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അവരുടെ രോഗാവസ്ഥ പരിഗണിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധി-ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**